ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിൽ 3989 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നിയമന രീതി	എണ്ണം
സ്ഥിരം (ആശ്രിത നിയമനം)	9
ദിവസക്കൂലി	3714
കരാർ അടിസ്ഥാനം	266

നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥിരം (ആശ്രിത നിയമനം):

വിദേശമദ്യ ഷോപ്പുകളിലെ മരണമടഞ്ഞ അബ്കാരി തൊഴിലാളികളുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 10-7-2008-ലെ ഇഎം(3)38770/07 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സെയിൽസ് ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

ദിവസക്കൂലി:

ഓരോ യൂണിറ്റുകളും തുടങ്ങുന്ന സന്ദർഭങ്ങളിൽ ആ യൂണിറ്റിലേക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ എണ്ണം ജീവനക്കാരെ അതാത് ജില്ലകളിലെ ഡയറക്ടർമാരുമായും പ്രാദേശിക ജനപ്രതിനിധികളുമായും കൂടിയാലോചിച്ച് പ്രാദേശിക പ്രാതിനിധ്യത്തിന് മുൻഗണന നൽകി അർഹതയും യോഗ്യതയും ഉറപ്പുവരുത്തി ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം നൽകിയത്.

കരാറടിസ്ഥാനം :

സർക്കാർ നയത്തിന്റെ ഭാഗമായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ അതിനനുസൃതമായി കൂടുതൽ ജീവനക്കാരെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

സംസ്ഥാന സഹകരണ ബാങ്കുകളിലെ ക്ലാർക്ക് ഗ്രേഡ് I ഒഴിവുകൾ

149 (534) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലേക്ക് 5-10-2012-ൽ നിലവിൽ വന്ന ക്ലാർക്ക് ഗ്രേഡ് -I പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്കൗണ്ടന്റ് തസ്തികയിൽ നിന്നും സീനിയർ അക്കൗണ്ടന്റ് തസ്തികയിലേക്കും, ക്ലാർക്ക് ഗ്രേഡ് -I തസ്തികയിൽ നിന്നും അക്കൗണ്ടന്റ് തസ്തികയിലേക്കും യഥാസമയം പ്രൊമോഷൻ നൽകാത്തതിനാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യഥാസമയം പ്രൊമോഷൻ നൽകി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 71 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. 12 എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 15 ഒഴിവുകൾ ഉണ്ട്. 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുണ്ട്.

(ബി) പ്രൊമോഷൻ നൽകാത്തതിനാൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

ഖാദി ഗ്രാമവ്യവസായ വികസന പദ്ധതികൾ

150 (535) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ഖാദി ഗ്രാമവ്യവസായ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ നടപ്പിലാക്കുവാനായി 1521 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി തൊഴിലാളികൾക്ക് വേതന പൂരക പദ്ധതിയുടെ സഹായത്തോടെ മിനിമം വേതനം നടപ്പിലാക്കി. ഖാദി നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും നൽകുന്നു. ഉൽപ്പാദന പ്രോത്സാഹനം 2014-15 മുതൽ 100% വർദ്ധനവ് നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരുദ്ധാരണത്തിനായി തുക നൽകിവരുന്നു. ഖാദി തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ധ്യ വികസനത്തിനുമായി തുക അനുവദിക്കുന്നുണ്ട്. ഗ്രാമ വ്യവസായ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly